പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4056 — 12.12.2018 ൽ മറുപടിയ്ക്ക്

# വികലാംഗ സംവരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വികലാംഗരുടെ ജോലി സംവരണം എത്ര ശതമാനമാണ്; | (എ). The Persons with Disabilities(Equal Opportunities, Protection of Rights and Full Participation) Act, 1995 ന്റെ അടിസ്ഥാനത്തിൽ 3 ശതമാനവും The Rights of Persons with Disabilities Act, 2016 ന്റെ അടിസ്ഥാനത്തിൽ 4 ശതമാനവുമാണ് സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ അംഗപരിമിതക്കാർക്കായി സംവരണം ചെയ്തിട്ടുള്ളത്. |
| (ബി) വികലാംഗ സംവരണം വിവിധ വകുപ്പുകളിൽ കൃത്യമായി നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) 2004 വരെയുള്ള ഭിന്നശേഷി നിയമനം ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. 2004 മുതൽ 2007 വരെയുള്ള കാലയളവിൽ ബാക്ക് ലോഗ് കണ്ടെത്തുകയും 24.1.2011 ലെ സ.ഉ(പി)നം.7/2011/സാ.ക്ഷേ.വ പ്രകാരം അതത് വകുപ്പുകൾ നേരിട്ട് പി.എസ്.സി മുഖേന (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) നിയമനം നൽകിയിട്ടുണ്ട്. 2007 മുതൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള നിയമനം റോസ്റ്റർ ക്രമത്തിൽ പി.എസ്.സി മുഖേന നടപ്പിലാക്കുന്നുണ്ട്. |
| (സി) മൂന്ന് ശതമാനം എന്ന വികലാംഗ സംവരണം ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) The Rights of Persons with Disabilities Act, 2016 സെക്ഷൻ 34(1) പ്രകാരം 4% ൽ കുറയാത്ത സംവരണം ഭിന്നശേഷിക്കാർക്ക് നൽകേണ്ടതുണ്ട്. ആയതിന് പ്രസ്തുത സെക്ഷനിൽ വിവരിച്ചിട്ടുള്ള a, b, c category അംഗപരിമിതർക്ക് 1% വീതവും d, e category അംഗപരിമിതർക്ക് 1% ഉൾപ്പെടെ ആകെ 4% സംവരണമാണ് നൽകേണ്ടത്. The Rights of Persons with Disabilities Act, 2016 സെക്ഷൻ 33(ii) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റിയുടെ |

| | |
|---|---|
| | ആദ്യയോഗ തീരുമാനമനുസരിച്ച് d, e category അംഗപരിമിതർക്ക് തസ്തികകൾ കണ്ടെത്തുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ